LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മേഖലയിലെ പ്രഖ്യാപനങ്ങൾ

194(2396) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബഡ്ജറ്റിലും പ്രഖ്യാപിച്ച പദ്ധതികൾ അതത് വർഷം നടപ്പിലാക്കി പ്രസ്തുത മേഖലയെ സംരക്ഷിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഓരോ പ്രഖ്യാപനവും നടപ്പിലാക്കുന്നതിന് സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

നെയ്ത്ത് മേഖലയുടെ വികസനം

195(2397) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പാലോട് രവി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്ത് മേഖലയുടെ വികസനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നെയ്ത്ത മേഖലയുടെ വികസനത്തിനുവേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.